**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2055** **03-03-2025 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | രാജ്യത്താകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്. വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും തടയുന്നതിനും വിശകലനം ചെയ്യുന്നതിനും കേസുകളിൽ ആവശ്യമായ പിന്തുണ നൽകുന്നതിനുമായി ഐജിപി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ എസ്.പി സൈബർ ഓപ്പറേഷൻസ്, ഡി വൈ എസ് പി സൈബർ ഓപ്പറേഷൻസ്, ഡി വൈ എസ് പി റിസർച്ച് ആന്റ് അനാലിസിസ് എന്നിവരുടെ നേതൃത്വത്തിൽ സൈബർ ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. സൈബർ ഓപ്പറേഷൻസിനു കീഴിൽ പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പ്, സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ ഗ്രൂപ്പ്, സൈബർ സെക്യൂരിറ്റി ആൻഡ് അഡ്വാൻസ് ക്രൈം ഗ്രൂപ്പ് എന്നീ വിഭാഗങ്ങളും റിസേർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിന്റെ കീഴിൽ സൈബർ ഡോം, അനാലിസിസ് വിംഗ്, ട്രെയിനിങ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് വിഭാഗം എന്നിവയും പ്രവർത്തിച്ചുവരുന്നു.<br><br>സൈബർ കുറ്റകൃത്യങ്ങൾക്ക് ഇടയാക്കിയേക്കാവുന്ന വെബ്സൈറ്റുകളും അനധികൃത ഓൺലൈൻ ആപ്പുകൾ സോഷ്യൽ മീഡിയ അക്കൗണ്ട് / പോസ്റ്റ് / പേജ് മുതലായവ സൈബർ പട്രോളിങ്ങിലൂടെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലും സൈബർ പട്രോളിങ്ങിലൂടെ തട്ടിപ്പിനുപയോഗിച്ചു എന്ന് കണ്ടെത്തിയതുമായ 32670 വെബ് സൈറ്റുകളും 3172 അനധികൃത ഓൺലൈൻ ആപ്പുകളും നിർജീവമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരശേഖരണത്തിനുമായി സൈബർ പട്രോൾ വിഭാഗം, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ പകർന്നു നൽകുന്നതിനായി 2538 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് ലഭിക്കുന്ന മെസേജുകൾ, യു.ആർ.എൽ, ഇ-മെയിൽ, സോഷ്യൽ മീഡിയ വിവരങ്ങൾ എന്നിവ വ്യാജമാണോ എന്ന് പരിശോധിച്ച പൊതുജനങ്ങളെ സൈബർ തട്ടിപ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൈബർ വാൾ പ്രോജക്റ്റ് വികസിപ്പിക്കുവാൻ കേരള പോലീസ് ലക്ഷ്യമിടുന്നു. |
| (ബി) | വെർച്വൽ അറസ്റ്റ് പോലെയുള്ള സൈബർ തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വെർച്വൽ അറസ്റ്റുമായി ബന്ധപ്പെട്ട് നാഷണൽ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) രജിസ്റ്റർ ചെയ്യുന്ന പരാതികൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അയച്ചുനൽകി ആയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത്തരം തട്ടിപ്പുകളിലും മറ്റ് സാമ്പത്തിക തട്ടിപ്പുകളിലും ഉൾപ്പെടുന്ന 43,896 ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചും, 16,819 മൊബൈൽ നമ്പറുകളും 49,830 ഡിവൈസുകളും പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. വെർച്വൽ അറസ്റ്റിനായി ഉപയോഗിച്ച സുപ്രീംകോടതിയുടെ പേരിലുള്ള 32 വ്യാജ വെബ്സൈറ്റുകളും 764 സ്കൈപ്പ് ഐഡികളും സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.<br><br>സൈബർ ഡിവിഷന് കീഴിൽ പ്രവർത്തിക്കുന്ന അനാലിസിസ് വിംഗ്, ഇത്തരം സംഘങ്ങളെ നിരീക്ഷിക്കുകയും ജില്ലാ പോലീസ് മേധാവികൾക്ക് വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. കൂടാതെ അപരിചിതരിൽ നിന്നുള്ള ഫോൺ കോളുകളിലും സന്ദേശങ്ങളിലും ജാഗ്രത പാലിക്കുക, വ്യക്തിഗത വിവരങ്ങളോ സാമ്പത്തിക വിവരങ്ങളോ ആരുമായും പങ്കുവെക്കാതിരിക്കുക, സംശയാസ്പദമായ കോളുകളോ സന്ദേശങ്ങളോ ലഭിച്ചാൽ ഉടൻ തന്നെ പോലീസിൽ അറിയിക്കുക തുടങ്ങിയ സന്ദേശങ്ങൾ വിവിധ നവമാധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്. |
| (സി) | വിവിധ രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് കേന്ദ്ര സർക്കാർ | (സി) | ഉണ്ട്. വിവിധ രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന സൈബർ തട്ടിപ്പുകൾ തടയുന്നതിന് ഇന്ത്യൻ |

| | | | |
|---|---|---|---|
| | ഏജൻസികളുടെ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | | സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (14C) യുമായും ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റുമായും (FIU) സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഡി) | ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് രാജ്യാന്തര ഇടപാടുകൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | വിദേശ ഐപി ഉപയോഗിച്ച് കറന്റ് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നത് നിയന്ത്രിക്കണമെന്നും കറന്റ് അക്കൗണ്ടിലൂടെ നടത്തുന്ന പണമിടപാടുകൾക്ക് പരിധി ഏർപ്പെടുത്തണമെന്നും വൈറ്റ് ലിസ്റ്റ് ചെയ്ത സിസ്റ്റത്തിലൂടെ മാത്രം ബാങ്ക് ഇടപാടുകൾ നടത്തണമെന്നും ബാങ്കുകൾ അക്കൗണ്ടുകൾക്ക് ക്രെഡിബിലിറ്റി സ്കോർ നൽകി കുറഞ്ഞ ക്രെഡിബിലിറ്റി സ്കോർ ഉള്ള അക്കൗണ്ടുകളിലേക്ക് പണം അയക്കുന്നതിന് മുമ്പ് ഇടപാടുകാർക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം ആവിഷ്കരിക്കണമെന്നും അഭ്യർത്ഥിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും ഓൺലൈൻ ലോൺ ഇടപാട് നടത്തിയ വ്യക്തികളിൽ നിന്നും അനധികൃത മാർഗ്ഗങ്ങളിലൂടെ പണം തിരികെ പിടിക്കുന്ന ലോൺ ആപ്പുകൾ ലൈസൻസ് നടപടികൾക്ക് വിധേയമായി പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിക്കുന്നതിനും അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്കും കത്തുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ